(എ) ഐ.എസ്.ആർ.ഒ. ചാരക്കേസിൽ അന്നത്തെ അന്വേഷണ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കണമെന്ന, ബഹു. ഹൈക്കോടതിയുടെ വിധിയിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ചാരക്കേസിൽ എന്തെങ്കിലും ഗൂഢാലോചന നടന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ & ബി) ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കേണ്ടതില്ലെന്ന സർക്കാർ ഉത്തരവ് റദ്ദു ചെയ്തുകൊണ്ട് ഇക്കാര്യം വീണ്ടും പരിശോധിച്ച് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കണമെന്ന കോടതി വിധി സർക്കാർ പരിശോധിച്ചുവരുന്നു.

ഡി.ജി.പി. നിയമനം

171 (172) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ച് സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും നിയമനം നടന്നിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) WP(C) No. 310/96 (പ്രകാശ് സിംഗ് Vs യൂണിയൻ ഓഫ് ഇന്ത്യ) എന്ന കേസിൽ ബഹു. സുപ്രീം കോടതിയുടെ 22-9-2006-ലെ വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ തസ്തികയിലേക്ക് തെരഞ്ഞെടുക്കുന്നതിനായി പ്രസ്തുത റാങ്കിലെ ഏറ്റവും മുതിർന്ന 3 ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന പാനലിൽനിന്നും ഉദ്യോഗസ്ഥരുടെ സർവ്വീസ് കാലയളവ്, സർവ്വീസ് റെക്കോർഡ്, ജോലിയിലുള്ള പരിജ്ഞാനം, പോലീസ് സേനയെ നയിക്കുവാനുള്ള കഴിവ് എന്നീ മാനദണ്ഡങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രസ്തുത പാനലിൽ ഉൾപ്പെട്ട ഒരാളെയാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് ആയി നിയമിക്കേണ്ടത് എന്നും അപ്രകാരം നിയമിക്കുന്നയാളെ കുറഞ്ഞത് 2 വർഷം പ്രസ്തുത തസ്തികയിൽ നിലനിർത്തണമെന്നുമാണ് ഡയറക്ടർ ജനറൽ ഓഫ് പോലീസ് തസ്തികയിലെ നിയമനം സംബന്ധിച്ചുള്ള സുപ്രീം കോടതി നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള പോലീസ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിലവിലുള്ള സംസ്ഥാന പോലീസ് മേധാവിയെ നിയമിച്ചിട്ടുള്ളത്.

എം.ജി. കോളേജിൽ സി.ഐ.യെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവം

172 (173) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി. കോളേജിൽ സി.ഐ.യെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച ആർ.എസ്.എസ്. പ്രവർത്തകർക്കെതിരെയുള്ള കേസ് പിൻവലിച്ചത് ഏത് സാഹചര്യത്തിലാണ്;

(ബി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ എത്ര പ്രതികൾ ഉണ്ടായിരുന്നു ; അവർ ആരൊക്കെ ;

(സി) പോലീസ് രജിസ്റ്റർ ചെയ്യുന്ന ക്രിമിനൽ കേസുകളിൽ ആരെങ്കിലും നിരപരാധിയായിട്ടുണ്ടെങ്കിൽ അയാളുടെ നിരപരാധിത്വം തെളിയിക്കേണ്ടത് കോടതിയിലാണോ ; എങ്കിൽ ഏത് നടപടിക്രമത്തിലൂടെ ;

(ഡി) ഇതിന് വ്യത്യസ്തമായി കേസിലെ ഒരാൾ നിരപരാധിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാവരുടെയും പേരിലുള്ള കേസ് പിൻവലിക്കാൻ സമ്മതം നൽകി മുഖ്യമന്ത്രി ഉത്തരവിടുകയുണ്ടായോ; ഒരാൾ നിരപരാധിയാണെന്ന് മുഖ്യമന്ത്രിയ്ക്ക് ബോധ്യം വന്നാൽ കേസിലെ മറ്റ് പ്രതികൾ കുറ്റക്കാരല്ലാതാവുന്നത് നിയമാനുസൃതമാണോ? എങ്കിൽ ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രസ്തുത കേസിലെ 17-ാം പ്രതി ആദർശിന് സർക്കാർ ജോലി കിട്ടാതെ പോകുന്ന സാഹചര്യമുണ്ടായപ്പോൾ ടിയാന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മാനുഷിക പരിഗണന നൽകിയാണ് ടി കേസ് പിൻവലിക്കുവാൻ സർക്കാർ സമ്മതപത്രം നൽകിയത്.

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് 100 പേരെ പ്രതികളായി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണത്തിൽ 28 പ്രതികളെ തിരിച്ചറിഞ്ഞിട്ടുള്ളതും അവർക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു. A1. അനൂപ്, A2. ശ്രീകണ്ഠൻ, A3. വിപിൻ, A4. രാജീവ്, A5. ഓമനകുട്ടൻ, A6. ശ്രീജിത്ത്, A7. അരുൺ എസ്. നായർ, A8. അനൂപ്, A9. വിഷ്ണു, A10. അനൂപ്,

LIBRARY ARCHIVES Kerala Legislative Assembly